# അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

## കൂട്ടക്കനി ഗവൺമെന്റ് യു.പി. സ്കൂൾ: അറിവിന്റെ പ്രകാശഗോപുരം

കാസർഗോഡ് ജില്ലയിലെ കൂട്ടക്കനി ഗ്രാമത്തിൽ, അറിവിന്റെയും നന്മയുടെയും ദീപശിഖയേന്തി തലയുയർത്തി നിൽക്കുന്ന വിദ്യാലയമാണ് കൂട്ടക്കനി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ. കാലങ്ങളായി തലമുറകളെ അറിവിന്റെ വെളിച്ചത്തിലേക്ക് നയിച്ച ഈ വിദ്യാലയം, ഇന്ന് ആധുനിക വിദ്യാഭ്യാസത്തിന്റെ എല്ലാ സാധ്യതകളും ഉൾക്കൊണ്ട് മുന്നേറുകയാണ്.

ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകളെ പരിപോഷിപ്പിക്കാനും, പഠനത്തിൽ മികവ് പുലർത്താനും, സാമൂഹികവും വൈകാരികവുമായ വളർച്ച ഉറപ്പാക്കാനും ലക്ഷ്യമിട്ടാണ് കൂട്ടക്കനി ഗവ.യു.പി സ്കൂൾ പ്രവർത്തിക്കുന്നത്. പാഠപുസ്തകങ്ങൾക്കപ്പുറം കുട്ടികളുടെ സർഗ്ഗാത്മകതയെ ഉണർത്താനും, വിമർശനാത്മക ചിന്ത വളർത്താനും, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരാക്കി അവരെ വാർത്തെടുക്കാനും വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്.

അനുഭവസമ്പന്നരും അർപ്പണബോധമുള്ളവരുമായ ഒരുകൂട്ടം അധ്യാപകർ പഠനത്തെ സന്തോഷകരവും ആകർഷകവുമാക്കാൻ നിരന്തരം പ്രയത്നിക്കുന്നു. നൂതനമായ പഠനരീതികളും സാങ്കേതിക വിദ്യകളും പ്രയോജനപ്പെടുത്തിക്കൊണ്ട്, ഓരോ കുട്ടിക്കും അവരുടെ പഠനനിലവാരത്തിനനുസരിച്ച് ശ്രദ്ധ നൽകുന്നു. വിശാലമായ ക്ലാസ് മുറികളും, കളിസ്ഥലവും, ലൈബ്രറിയുമെല്ലാം കുട്ടികളുടെ സമഗ്ര വികാസത്തിന് ആവശ്യമായ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു. വിദ്യാലയ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്ന ഒരു പി.ടി.എ.യും നമുക്കുണ്ട്. കൂട്ടക്കനി ഗവൺമെന്റ് യുപി സ്കൂൾ എന്നത് ഒരു വിദ്യാലയം മാത്രമല്ല, നമ്മുടെ നാടിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന ഒരു കേന്ദ്രം കൂടിയാണ്. അറിവും മൂല്യങ്ങളും കൈമുതലാക്കി നാളത്തെ ലോകത്തെ നയിക്കാൻ കഴിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ദൗത്യമാണ് ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നത്.

വിദ്യാഭ്യാസ രംഗത്ത് നിരന്തരമായ മുന്നേറ്റങ്ങൾ ലക്ഷ്യമിട്ട് വിദ്യാലയം ഒരു സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുകയാണ്. ഈ മാസ്റ്റർ പ്ലാൻ, സ്കൂളിന്റെ ദർശനവും ലക്ഷ്യങ്ങളും വ്യക്തമാക്കുകയും, അവ എങ്ങനെ പ്രാവർത്തികമാക്കാമെന്ന് വിശദീകരിക്കുകയും ചെയ്യുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്ഥാപിതം | : | 01 - 06 – 1929 |
| സ്കൂൾ വിഭാഗം | : | പൊതുവിദ്യാലയം |
| പഠന വിഭാഗങ്ങൾ | : | എൽ.പി, യു.പി |
| സ്കൂൾ തലം | : | 1 മുതൽ 7 വരെ 1 to 7 |
| മാദ്ധ്യമം | : | മലയാളം , ഇംഗ്ലീഷ് |
| സ്കൂൾ കോഡ് | : | 12239 (സമേതം) |
| യുഡൈസ് കോഡ് | : | 32010400209 |
| | | |
| പ്രധാന അദ്ധ്യാപകൻ | : | അനൂപ് കുമാർ കല്ലത്ത് |
| പി.ടി.എ. പ്രസിഡണ്ട് | : | സുധാകരൻ എ |
| എം.പി.ടി.എ. പ്രസിഡണ്ട് | : | ധന്യ രതീഷ് |
| വിലാസം | : | കൂട്ടക്കനി, പാക്കം പി.ഒ., 671316 |
| കാസർഗോഡ് ജില്ല | | |
| ഇമെയിൽ | : | koottakkaniups@gmail.com |
| റവന്യൂ ജില്ല | : | കാസർഗോഡ് |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| | | |
| ആൺകുട്ടികൾ | : | 204 |
| പെൺകുട്ടികൾ | : | 187 |
| ആകെ വിദ്യാർത്ഥികൾ | : | 391 |
| അദ്ധ്യാപകർ | : | 17 |

## ചരിത്രം

കൂട്ടക്കനി എന്ന കൊച്ചു ഗ്രാമത്തിൽ 1927 ൽ ആണ് കുടിപ്പള്ളിക്കൂടമായി ഈ വിദ്യാലയം ആരംഭിക്കുന്നത്. തുടർന്ന് 1986 വരെ എൽ പി സ്കൂളായി തലമുറകൾക്ക് അറിവ് പകർന്നുനൽകി. ഇപ്പോൾ എഴാം ക്ലാസ്സുവരെ നാനൂറിൽപരം കുട്ടികൾ പഠിക്കുന്ന വിദ്യാലയമായി വളർന്നിരിക്കുകയാണ്. ഇന്ന് കേരളത്തിലെ ഏറ്റവും കൂടുതൽ പ്രശസ്തമായ ഒരു വിദ്യലയമാണിത്, 2010 ൽ കേരള സർക്കാരും ദൂരദർശനും ചേർന്ന് നടത്തിയ ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ ഒന്നാം സ്ഥാനം നേടി കാസർഗോഡ് ജില്ലയുടെയും മലയാളത്തിന്റെയും അഭിമാനമായി മാറിയ ഈ ഗ്രാമവിദ്യാലയം ഇന്ന് വളർച്ചയുടെ പടവുകൾ താണ്ടുകയാണ്. ഒത്തിരി അംഗീകരങ്ങൾ പിന്നീട് സ്കൂളിനെ തേടിയെത്തുകയുണ്ടായി. ചരിത്രങ്ങൾ ഉറങ്ങുന്ന ബേക്കൽ കോട്ടയുടെ സമീപത്തു പള്ളിക്കര പഞ്ചായത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ഹരിത ഭംഗികൊണ്ടും പ്രകൃതിരമണീയതകൊണ്ടും അനുഗ്രഹീതമാണ് ഈ വിദ്യാലയം. യു പി വിഭാഗമായി അപ്ഗ്രേഡ് ചെയ്യപ്പെടുമ്പോൾ നാല് ക്ലാസ്സുകളുള്ള പനമ്പ് കൊണ്ട് ചുവര് മറച്ച ഒരു കെട്ടിടമായിരുന്നു സ്കൂളിന്. പിന്നീട് നാട്ടുകാരുടെയും പൊതുപ്രവർത്തകരുടെയും സജീവമായ പിന്തുണയോടെ അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയം വളരുകയായിരുന്നു. കനി മരങ്ങളും കാറ്റാടി മരങ്ങളും നിറഞ്ഞിരുന്ന സ്കൂൾ മൈതാനത്തെ നല്ലൊരു കളിസ്ഥലമാക്കി മാറ്റുകയും ആവശ്യത്തിനനുസരിച്ചുള്ള കെട്ടിടങ്ങൾ നിർമിക്കുകയും ചെയ്തു. പ്രവാസി കൂട്ടായ്മകളും സ്കൂളിന്റെ വികസനത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഒരു ഡിവിഷൻ മാത്രമുണ്ടായിരുന്ന സ്കൂളിൽ പിന്നീട് കുട്ടികളുടെ എണ്ണം വർധിക്കുകയും രണ്ടു ഡിവിഷനുകൾ ആയി മാറുകയും ചെയ്തു. രണ്ടായിരത്തി പത്തിലെ ഹരിത വിദ്യാലയ പുരസ്കാരമാണ് സ്കൂളിനെ ബൗദ്ധികമായും അക്കാദമികമായും ഏറെ മുന്നിലെത്തിച്ചത്. മാതൃഭൂമി, മനോരമ എന്നിവയുടെ മികച്ച വിദ്യാലയങ്ങൾക്കുള്ള പുരസ്കാരങ്ങൾ ഇക്കോ ക്ലബ്, വനമിത്ര, വൃക്ഷമിത്ര, തുളുനാട് തുടങ്ങിയ അംഗീകാരങ്ങളും വിദ്യാലയത്തിന് ലഭിച്ചു. ഈ വിദ്യാലയത്തിലൂടെ പഠിച്ചു വളർന്നു സമൂഹത്തിന്റെ ഭിന്ന മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി വ്യക്തികളുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക് മാതൃകകളായി നിരവധി പ്രവർത്തന പദ്ധതികൾ സംഭാവന ചെയ്യാൻ ഈ കാലയളവിൽ വിദ്യാലയത്തിന് സാധിച്ചു. പരിസ്ഥിതി സൗഹൃദ സമീപനം കൊണ്ടും ഹരിതാഭമായ ക്യാമ്പസ് നിർമിതി കൊണ്ടും ആധുനിക വിദ്യാഭ്യാസ സമീപനം വിഭാവനം ചെയ്യുന്ന ഏറ്റവും അനുപേക്ഷണീയമായ സൗകര്യങ്ങൾ ഇവിടത്തെ കുട്ടികൾക്ക് പ്രദാനം ചെയ്യാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഇത് നാടിന്റെ കർമ്മോൽസുകാരായിട്ടുള്ള യുവാക്കളുടെയും രക്ഷകർത്താക്കളുടെയും ഒരുമയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. പഴയ ചരിത്രങ്ങളിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട് പുതിയ ഉയരങ്ങളിലേക്ക് പറക്കാൻ ശ്രമിക്കുകയാണ് ഈ ഹരിത വിദ്യാലയം.

## പൊതു ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർവതോന്മുഖമായ വികാസം ഉറപ്പാക്കുകയും അവരെ അറിവും കഴിവും മൂല്യബോധവുമുള്ള പൗരന്മാരാക്കി മാറ്റുകയും ചെയ്യുക.
- ഓരോ കുട്ടിക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.
- പഠനത്തിൽ മികവ് പുലർത്താനും, സാമൂഹികവും വൈകാരികവുമായ കഴിവുകൾ വികസിപ്പിക്കാനും, ആധുനിക ലോകത്ത് വിജയിക്കാനാവശ്യമായ ഡിജിറ്റൽ സാക്ഷരത നേടാനും കുട്ടികളെ പ്രാപ്തരാക്കുക.
- ഓരോ കുട്ടിയുടെയും താൽപ്പര്യങ്ങളും കഴിവുകളും തിരിച്ചറിഞ്ഞ് അവരെ പ്രോത്സാഹിപ്പിക്കുകയും വെല്ലുവിളികളെ അതിജീവിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുക
- നിലവിലുള്ള പാഠ്യപദ്ധതികളെ ശക്തിപ്പെടുത്തുന്നതിനും നൂതന പഠനരീതികൾ നടപ്പിലാക്കുന്നതിനും ആവശ്യമായ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- അധ്യാപകരുടെ പ്രൊഫഷണൽ മികവ് വർദ്ധിപ്പിക്കുക.
- വിദ്യാലയ പ്രവർത്തനങ്ങളിൽ  രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക

# ഉള്ളടക്കം


| ക്രമ നമ്പർ | ക്ലാസ്സ് | വിഷയം | പേജ് നമ്പർ |
|---|---|---|---|
| 1 | 1 | മലയാളം | 7 |
| 2 | 1 | ഇംഗ്ലീഷ് | 11 |
| 3 | 1 | ഗണിതം | 12 |
| 4 | 1 | പരിസര പഠനം | 13 |
| 5 | 2 | മലയാളം | 14 |
| 6 | 2 | ഇംഗ്ലീഷ് | 16 |
| 7 | 2 | ഗണിതം | 18 |
| 8 | 2 | പരിസര പഠനം | 20 |
| 9 | 3 | മലയാളം | 21 |
| 10 | 3 | ഇംഗ്ലീഷ് | 23 |
| 11 | 3 | ഗണിതം | 24 |
| 12 | 3 | പരിസര പഠനം | 27 |
| 13 | 4 | മലയാളം | 28 |
| 14 | 4 | ഇംഗ്ലീഷ് | 30 |
| 15 | 4 | ഗണിതം | 33 |
| 16 | 4 | പരിസര പഠനം | 38 |
| 17 | UP | മലയാളം | 40 |
| 18 | UP | ഇംഗ്ലീഷ് | 42 |
| 19 | UP | ഹിന്ദി | 44 |
| 20 | UP | അടിസ്ഥാനശാസ്ത്രം | 46 |
| 21 | UP | ഗണിതം | 49 |
| 22 | UP | സാമൂഹ്യശാസ്ത്രം | 51 |

| മലയാളം | | | | ക്ലാസ്സ് : I |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| എല്ലാ കുട്ടികളും അക്ഷരങ്ങൾ ചിഹ്നങ്ങൾ പദങ്ങൾ ഇവ എഴുതാനും വായിക്കാനും പഠിക്കുക | അക്ഷരങ്ങൾ മുറിച്ചെടുക്കൽ, പുസ്തകത്തിൽ ഒട്ടിക്കൽ, പഠിച്ച ചിഹ്നങ്ങൾ അക്ഷരങ്ങളോട് ചേർത്ത് പദങ്ങൾ നിർമ്മിക്കൽ, തുടർന്ന് വാക്യങ്ങൾ വാചകങ്ങൾ ഇവ ഉണ്ടാക്കൽ, നിർമ്മാണ ശില്പശാല | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് ടീച്ചർ, SRG, PTA | 200/- |
| സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനു ഉള്ള ശേഷി നേടുന്നതിനോടൊപ്പം സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു | CPTA യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. ടീച്ചർ ഡയറി പരിശോധിച്ച് എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, SRG, PTA | --- |
| താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റു സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും അവതരിപ്പിക്കുന്നതിനോടൊപ്പം | പാട്ടരങ്ങ് CPTA യിൽ അവതരിപ്പിക്കുന്നു. പാട്ടരങ്ങിനു വേണ്ട സംഗീതോപകരണങ്ങളുടെ നിർമ്മാണം (ടീച്ചറും കുട്ടികളും) അവതരിപ്പിക്കൽ . തുടർ പാഠങ്ങളുടെ ഭാഗമായി പാട്ടരങ്ങ് അവതരിപ്പിക്കൽ, വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കാൽ പാട്ടരങ്ങിന്റെ ഭാഗമായി തയ്യാറാക്കിയ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, Head Master, PTA | --- |

| മലയാളം | | | | ക്ലാസ്സ് : I |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. ഭാഷാപ്രവർത്തനം സർഗാത്മകവും സജീവവും ആകുന്നു. | പുതിയ കവിതകൾ വായന കാർഡുകൾ ആക്കൽ, ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ, Head Master, PTA | 200/- |
| ഒന്നാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്കു ബുക്കുകൾ ലഭ്യമാക്കുന്നു കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു പ്രവർത്തിപരിചയ, ഉദ്ഗ്രഥിത സാധ്യത ഉറപ്പുവരുത്തുന്നു | വർക്ക് ബുക്ക് രൂപത്തിൽ ആക്കിയ സചിത്ര പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ഏകദിന ശില്പശാല സചിത്ര പാഠഭാഗങ്ങൾ പരിചയപ്പെടുത്തുന്നതിലും ആവശ്യമായ പിന്തുണ ഉറപ്പാക്കലും CPTA യോഗങ്ങൾ, വിലയിരുത്തൽ . സചിത്ര പുസ്തകങ്ങൾ ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | 500/- |

| മലയാളം | | | | ക്ലാസ്സ് : I |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| റീഡേഴ്സ് തിയേറ്റർ<br>ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സദസിനു മുമ്പാകെ ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക. വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താൽപര്യം കൂട്ടുന്നതിന് | CPTA യിൽ ചർച്ച ചെയ്യൽ.<br>ആദ്യം ഒരു കഥ പല ഗ്രൂപ്പുകൾ അവതരിപ്പിക്കുന്ന രീതി,<br>കഥാപാത്രങ്ങൾ, സന്ദർഭങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ കൂടുതലുള്ള കഥകൾ തിരഞ്ഞെടുക്കൽ. ഓരോരുത്തരും കഥാപാത്രങ്ങളെ തിരഞ്ഞെടുക്കൽ റിഹേഴ്സൽ റിക്കാർഡ് ചെയ്ത് കുട്ടികളെ കാണിച്ച് മെച്ചപ്പെടുത്തേ ണ്ടവ സംബന്ധിച്ച ധാരണ രൂപീകരിക്കൽ. സ്കൂൾ അസംബ്ലി, സർഗ്ഗ വേള, പഠനോത്സവം തുടങ്ങിയ വേദികളിൽ അവതരണം | ഒക്ടോബർ - മാർച്ച് | ക്ലാസ്സ് ടീച്ചർ | 500/- |
| എല്ലാ കുട്ടികൾക്കും പുസ്തക ശേഖരം ഉണ്ടാക്കുക<br>രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.<br>എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. ആശയ ഗ്രഹണ വായന ആസ്വാദന വായന എന്നിവ പ്രോത്സാഹിപ്പിക്കുക. | വായനോത്സവം നടത്തുന്നതിനായി ക്ലാസ് ലൈബ്രറി ക്രമീകരിക്കുന്നു<br>രക്ഷിതാവിൻറെ നേതൃത്വത്തിൽ കഥാപുസ്തകങ്ങൾ വായിച്ചു കേട്ട കുട്ടികൾ അവ ക്ലാസിൽ പങ്കിടുന്നു.<br>വായനാനുഭവം ക്ലാസിൽ പങ്കിടാനും ചിത്രം വരയ്ക്കാനും പറയുന്നു CPTA യിൽ അവതരണം | ഒക്ടോബർ - മാർച്ച് | ക്ലാസ്സ് ടീച്ചർ, | ---- |

| മലയാളം | | | | ക്ലാസ്സ് : I |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് സ്വതന്ത്ര രചനയ്ക്ക് അനുയോജ്യമായ ചിത്രം വരച്ച് രചന ആകർഷമാക്കുക രചനകൾ സമൂഹവുമായി പങ്കിടുക | രക്ഷിതാക്കളുടെ പിന്തുണയോടെ രചനയിൽ ഏർപ്പെടാം. കുട്ടികൾ സ്വതന്ത്രമായും രക്ഷിതാക്കളുടെ സഹായത്തോടെയും രചനകൾ എഴുതുന്നു. തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെടുത്തി ക്ലാസിനൊന്നാകെ കുഞ്ഞെഴുത്തുകൾ പ്രകാശിപ്പിക്കുന്നു. | ഒക്ടോബർ - മാർച്ച് | ക്ലാസ്സ് ടീച്ചർ, PTA | 200/- |
| പരിസ്ഥിതി സൗഹൃദ കളി ഉപകരണങ്ങൾ പരിചയപ്പെടുത്തുക പ്രാദേശികമായി ലഭ്യമായ വസ്തുക്കളെ കളിപ്പാട്ടങ്ങൾ ആക്കി മാറ്റുക കുട്ടികളുടെ കലാപരമായ ശേഷിയും കരവിരുതും വികസിപ്പിക്കുക | സി പി ടി എ യിൽ കളിപ്പാട്ട നിർമ്മാണ ശില്പശാലയുടെ പ്രസക്തി ബോധ്യപ്പെടുത്തുക. രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ട നിർമ്മാണം. നിർമിച്ച വസ്തുക്കളുടെ പ്രദർശനം സംഘടിപ്പിക്കുന്നു. | ആഗസ്ത് | ക്ലാസ്സ് ടീച്ചർ, PTA | 200/- |

| English | | | | Class : I |
|---|---|---|---|---|
| **Objective** | **Activities** | **Duration** | **Responsibility** | **Financial aid** |
| To develop listening and reading skill | Conduct a workshop with the help of parents for reading card and other teaching aids.<br>Games, Action songs, Teacher's talk.<br>Growing sentences, self introduction in class room | June- July | Class Teacher, PTA | 500/- |
| To express thought and feeling, reading and writing | News paper reading , skit and stories using ICT.<br>Read sentence strips related to the text book<br>Write thoughts, conversations, short descriptions | September- November | Class Teacher | ---- |
| To develop creative speaking and writing skill | Find words, Rhyming words, riddles.<br>Self introduction, performance in Class assembly<br>Making words webs, Picture description, Makig riddles | August - September | Class Teacher, PTA | ---- |
| To Improve Presentation skill | Conduct English Assembly<br>Speak English | January-March | Class Teacher, PTA | ---- |

| ഗണിതം | | | | ക്ലാസ്സ് : I |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ / SSA | 200/- |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം- ഏകദിന ക്യാമ്പ് | സെപ്തംബർ | ക്ലാസ് ടീച്ചർ , PTA | 200/- |
| | ഗണിത ക്യാമ്പ്- ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | ---- |

| പരിസരപഠനം | | | | ക്ലാസ്സ് : I |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ , SRG | ---- |
| | പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ആഗസ്ത് | ക്ലാസ് ടീച്ചർ, PTA | ---- |
| കുട്ടികളിൽ പരീക്ഷണ താല്പര്യം വളർത്തിയെടുക്കുക | പാഠവുമായി ബന്ധപ്പെടുത്തി പരീക്ഷണങ്ങൾ ചെയ്യുക. പരീക്ഷണ മൂല തയ്യാറാക്കൽ | സെപ്റ്റംബർ - ഒക്ടോബർ | ക്ലാസ് ടീച്ചർ | 200/- |
| കുട്ടികളെ ശാസ്ത്രവിഷയങ്ങളിൽ താല്പര്യമുള്ളവരാക്കുക | ലഘുപരീക്ഷണങ്ങൾ ക്ലാസ്സിൽ ചെയ്യുക ശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ വായിക്കാൻ നൽകുക പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് | ഡിസംബർ - ജനുവരി | ക്ലാസ് ടീച്ചർ , SRG | ---- |

| മലയാളം | | | ക്ലാസ്സ് : II | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഭാവാത്മക വായനയിലേക്ക് നയിക്കുന്നു. കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കുന്നു | മലയാളം മധുരം | ജൂൺ | ക്ലാസ് ടീച്ചർ PTA, HM | --- |
| | CPTA യിൽ തുടർപ്രവർത്തന വിശദീകരണം | ജൂൺ | | |
| | രചനോത്സവത്തിൽ സ്വതന്ത്ര രചന | ജൂൺ | | |
| | വ്യക്തിഗത പുസ്തകം തയ്യാറാക്കാനുള്ള പ്രോത്സാഹനം | ഓരോ ടേമിലും | | |
| സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നു | സംയുക്ത ഡയറി | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ , പ്രധാന അധ്യാപകൻ | --- |
| ഭാഷാ പ്രവർത്തനങ്ങൾ സജീവവും സർഗാത്മകവുമാകുന്നു | പാട്ടരങ്ങ് | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ , പ്രധാന അധ്യാപകൻ, PTA | 500/- |
| കുട്ടികൾ സ്വാതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു | സചിത്ര പുസ്തകം , ഏകദിന രക്ഷാകർതൃ ശില്പശാല പ്രതിമാസ രക്ഷാകർതൃ യോഗങ്ങൾ | ജൂൺ മൂന്നാം വാരം ജൂൺ - മാർച്ച് | | |

| മലയാളം | | | ക്ലാസ്സ് : II | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പാഠപുസ്തകത്തിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിൻറെ ഭാഗമായി അവതരിപ്പിക്കുന്നു | റീഡേഴ്സ് തീയേറ്റർ<br>CPTA യിൽ ആശയം പങ്കിടൽ<br>ഏകദിന റീഡേഴ്സ് തീയേറ്റർ ശില്പശാല<br>മികച്ചവ ക്ലാസ്സ് , സ്കൂൾ തലത്തിൽ അവതരിപ്പിക്കൽ | ജൂൺ - ജൂലായ് | ക്ലാസ് ടീച്ചർ, CPTA | ---- |
| നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പു വരുത്തൽ | നാട്ടുവിശേഷം - കൂട്ടെഴുത്ത്<br>പ്രകൃതി നടത്തം : പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ , പ്രധാന അധ്യാപകൻ | ---- |
| ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം | രചനോത്സവം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, PTA | ---- |

| English | | | | Class : II |
|---|---|---|---|---|
| Objective | Activities | Duration | Responsibility | Financial aid |
| To check the vocabulary and writing skill | Pretest | June | Class Teacher | ---- |
| To develop listening skills | Games, Action song, Hello English activities, Conversation, Skit | June- March | Class Teacher | ---- |
| To improve speaking skill | Identify the naming words from the picture, Identify the action words, Make simple sentences using action words, Assembly | June- March | Class Teacher | 200/- |
| To develop speaking skill | Speech, Book review, Quiz, Riddle | August- September | Class Teacher | ---- |
| Reading skill | News paper reading, Library book reading, Rhyming words | August- September | Class Teacher | ---- |
| Writing Skill | Make word web, Picture description, Make riddles, Add more lines | August- September | Class Teacher | ---- |

| English | | | | Class : II |
|---|---|---|---|---|
| Objective | Activities | Duration | Responsibility | Financial aid |
| Reading skill | News paper reading,<br>Develop stories,<br>Read Notice | October -November | Class Teacher | ---- |
| Writing Skill | Description,<br>Notice Proclamation,<br>Thought | December-January | Class Teacher | ---- |
| Reading skill | Diary,<br>Letter,<br>Announcement | December-January | Class Teacher | ---- |
| To improve presentation skill | News paper reading,<br>Library book reading | February- March | Class Teacher | ---- |

| ഗണിതം | | | ക്ലാസ്സ് : II | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഓരോ കുട്ടിയും നിലവിൽ എങ്ങനെ എന്ന് അറിയുന്നതിന് | പ്രീ ടെസ്റ്റ് | ജൂൺ | ക്ലാസ് ടീച്ചർ | ---- |
| | കുട്ടിയെ അറിയാം | | ക്ലാസ് ടീച്ചർ | ----- |
| | ഗണിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രയാസമുള്ള കുട്ടികളെ കണ്ടെത്തുന്നു | | ക്ലാസ് ടീച്ചർ | ---- |
| | ഓരോരുത്തരും ഏത് മേഖലയിലാണ് പ്രയാസം നേരിടുന്നത് എന്ന് കണ്ടെത്തുന്നു | | ക്ലാസ് ടീച്ചർ | ---- |
| | ലഘു നിർദ്ധാരണ ശേഷിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു | | ക്ലാസ് ടീച്ചർ | ---- |
| സംഖ്യാബോധം | മഞ്ചാടിച്ചെപ്പ് : മഞ്ചാടിച്ചെപ്പിലേക്കുള്ള മുത്തുകൾ ശേഖരിക്കുന്നു | ജൂലായ് | ക്ലാസ് ടീച്ചർ | ---- |

| ഗണിതം | | | ക്ലാസ്സ് : II | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു | മഞ്ചാടിച്ചെപ്പിലെ ശേഖരണ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകളികളിൽ ഏർപ്പെടുന്നു. അതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ആഗസ്ത് | ക്ലാസ് ടീച്ചർ | ---- |
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം | ആഴ്ചയിൽ ഒന്ന് വീതം | ക്ലാസ് ടീച്ചർ | ---- |
| | കുസൃതികണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | | | |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ | ജൂൺ-മാർച്ച് | SRG, ക്ലാസ് ടീച്ചർ | 500/- |
| | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | സെപ്തംബർ | | |
| | ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് | | |
| ഗണിത പഠനം എളുപ്പമാക്കുന്നതിനുള്ള പഠനോപകരണം | സാംഖ്യറോക്കറ്റ് , അബാക്കസ്-പഠനോപകരണം | ജൂലായ് - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ | 500/- |

| പരിസര പഠനം | | | | ക്ലാസ്സ് : II |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| നാട്ടുവിശേഷം കൂട്ടെഴുത്ത് | പരിസരപഠനത്തിലൂടെ ഭാഷാ  പഠന സാധ്യത ഒരുക്കുന്നു . പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു . നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയാശേഷികൾ ഉറപ്പുവരുത്തുന്നു | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ , CPTA ,SRG | ---- |
| ശാസ്ത്രാവബോധത്തോടെ പരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുക | ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു . അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു. ഉപകരണങ്ങൾ, സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നു. യുക്തിചിന്ത വളർത്തുന്നു. | ജൂൺ-ഫെബ്രുവരി | ക്ലാസ് ടീച്ചർ , PTA | ---- |

## മലയാളം — ക്ലാസ്സ് : III

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മൂന്നാം ക്ലാസ്സിലെ ഓരോ കുട്ടിയും ആശയ ഗ്രഹണ ശേഷി നേടുന്നതിന് | ചിത്രവായന | ജൂൺ | അധ്യാപിക | ---- |
| | കഥാവതരണം | ജൂൺ | അധ്യാപിക | ---- |
| | കഥാവതരണം | ജൂൺ - ജൂലായ് | രക്ഷിതാവ് | ---- |
| | വീഡിയോ പ്രദർശനം (പാട്ടുകൾ,കഥകൾ) | ജൂൺ - മാർച്ച് | അധ്യാപിക, രക്ഷിതാവ് | ---- |
| മൂന്നാം ക്ലാസ്സിലെ ഓരോ കുട്ടിയും ആശയപ്രകടനത്തിനുള്ള ശേഷി നേടുന്നതിന് | ചിത്ര പ്രദർശനം : ആശയം പറയൽ | ജൂൺ-മാർച്ച് | അധ്യാപിക | ---- |
| | ചിത്ര രചന , പതിപ്പ് | | | |
| | കഥാവതരണം (കുട്ടി) | | | |
| | ബാലസഭ | | | |
| | കാവ്യോത്സവം | ആഗസ്ത് | PTA | 500/- |
| | അസംബ്ലി | | | |
| | സാഹിത്യകാരന്മാരുമായി അഭിമുഖം | | | |
| | പുസ്തകം പരിചയപ്പെടുത്തൽ | | | |
| | പ്രസംഗ കളരി | ജൂൺ-മാർച്ച് | SRG | ---- |
| | നാടൻപാട്ട് കളരി | | | |

| മലയാളം | | | | ക്ലാസ്സ് : III |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| മൂന്നാം ക്ലാസ്സിലെ ഓരോ കുട്ടിയും ആശയ ഗ്രഹണ വായന ഉറപ്പാക്കൽ | ക്ലാസ്സ് ലൈബ്രറി പ്രവർത്തന ക്ഷമമാക്കൽ , സ്കൂൾ ലൈബ്രറിയിൽ നിന്ന് കുട്ടികൾക്ക് പുസ്തകം നൽകൽ വായിച്ച പുസ്തകത്തെ പരിചയപ്പെടുത്തൽ | ജൂൺ-മാർച്ച് | അധ്യാപിക, PTA, SRG | ---- |
| | അമ്മ വായന, വായന കാർഡ് വിതരണം , വായനാ മത്സരം , ലൈബ്രറി സന്ദർശനം, പത്ര വായന (സ്കൂൾ റേഡിയോ കനിമൊഴി) | ജൂലായ് -ആഗസ്ത് | രക്ഷിതാവ്<br>അധ്യാപിക | ---- |
| മൂന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും എഴുത്ത് ഉറപ്പാക്കൽ | ഡയറി എഴുത്ത്, പത്ര വായന എഴുത്ത്, ചിത്രം നോക്കി കഥ എഴുതൽ, കഥ, പാട്ട് എഴുത്ത് (മാഗസിൻ). വായനകാർഡ് നിർമ്മാണം സാഹിത്യ ക്യാമ്പ് | ജൂൺ-മാർച്ച് | അധ്യാപിക<br>PTA | 1000/- |

**English** | **Class : III**

| Objective | Activities | Duration | Responsibility | Financial Support |
|---|---|---|---|---|
| To speak, read and write English without any mistakes | English cartoon exhibition | Once in a week (Friday) | SRG, Class Teacher | ---- |
| To develop listening skill | Playing English music and stories | Once in a month (Second Wednesday) | SRG, Class Teacher | ---- |
| To develop speaking skills, to speak English with confidence | Walk and Talk: Teacher conduct a nature walk with the students and their communication should be in English | Once in a week | Class Teacher | 500/- |
| | Balasabha | Once in a Month (Friday) | | |
| | English Assembly | Once in a Month (Tuesday) | | |
| | Interaction with expert in English | Once in a Month | | |
| | Book Review and Speech | Once in a Month | | |
| To develop reading skill | Arranging separate English Class Library | June | Class Teacher | ---- |
| | English News Reading | Daily (After June) | Class Teacher | 200/- |
| | Book Review | Once in a Month | | |
| To develop writing skill | Diary writing in English | Once in a week (Wednesday) | | |
| | Writing English News | Once in week (Tuesday) | | |
| | Making riddles, puzzle, poem, short story | | | |
| | Prepare an English magazine at the end of the academic year | | | |

| ഗണിതം | | | | ക്ലാസ്സ് : III |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടൽ | നിറയുന്ന കണക്കുപെട്ടി നിർമ്മാണ ആരംഭം : ഗണിത സാമഗ്രികൾ അടങ്ങിയ സഞ്ചി ഓരോ കുട്ടിക്കും ഓരോന്ന് വീതം | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ , രക്ഷിതാക്കൾ | ----- |
| | ജ്യാമിതീയ ചിത്രങ്ങൾ വരയ്ക്കൽ നിറം നൽകൽ | ജൂൺ | | |
| | വെജിറ്റബിൾ പ്രിൻറിംഗ് ജ്യാമിതീയ രൂപങ്ങളുടേത് | | | |
| | ജിയോബോർഡ് നിർമാണം | | | |
| | ഗണിത ലാബ് ക്രമീകരിക്കൽ | ജൂൺ | | |
| | ത്രിമാന രൂപങ്ങൾ ശേഖരിക്കൽ, നിർമ്മാണം | ജൂലായ് | | |
| | ക്ലാസ്സ് എക്സിബിഷൻ : ഓലപ്പന്ത്, ഓലപ്പാമ്പ്, കടലാസ് പക്ഷി, കടലാസ് മീൻ, കടലാസ് തവള, വിമാനം, കടലാസ് തോണി | ജൂലായ് | SRG, PTA | 500/- |
| | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ജൂലായ് | | |
| | ഗണിത ചുമർ ഒരുക്കൽ | | | |

| ഗണിതം | | | | ക്ലാസ്സ് : III |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| മൂന്നക്ക സംഖ്യകൾ എഴുതാനും വായിക്കാനും സാധ്യമാക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും പ്രാപ്തമാക്കുക | കളം ബോർഡ് നിർമ്മാണം, ഒരക്ക സംഖ്യ, രണ്ടക്ക സംഖ്യ നിർമ്മാണം | ജൂലായ് - സെപ്തംബർ | SRG | ---- |
| | ഒരക്ക സംഖ്യകൾ, രണ്ടക്ക സംഖ്യകൾ എന്നിവ കളിനോട്ട് , ഈർക്കിൽ കേട്ട്, കമ്പ് കേട്ട് എന്നിവയുടെ സഹായത്തോടെ പരിചയപ്പെടൽ | | അധ്യാപിക | ---- |
| | കളി നോട്ടുകളുടെ നിർമ്മാണം | | | |
| | മൂന്നക്ക സംഖ്യമാല നിർമ്മാണം | | അധ്യാപിക-രക്ഷിതാക്കൾ | 500/- |
| | സംഖ്യാകാർഡ് നിർമ്മാണം, സംഖ്യകൾ വലുത് ചെറുത് തിരിച്ചറിയൽ. | | | |
| | അബാക്കസ് നിർമ്മാണം | | | |
| | ബാങ്കിങ് സമ്പ്രദായ മാതൃക അറിയാൻ ബാങ്ക് സന്ദർശനം | | | |

| ഗണിതം | | | | ക്ലാസ്സ് : III |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| മൂന്നക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം പരിചയപ്പെടുന്നതിനും പ്രയോഗിക്കുന്നതിനും | ഗണിത ലാബിലെ സാമഗ്രികൾ പരിചയപ്പെടൽ, സാംഖ്യചക്ര നിർമ്മാണം. ഏണിയും പാമ്പും, കളികൾ സങ്കലന വ്യവകലനത്തിലൂടെ. സംഖ്യകളുടെ വ്യവകലനവും സങ്കലനവും കളിനോട്ട്, മഞ്ചാടി സഹായത്തോടെ | ആഗസ്ത് | അധ്യാപിക | ---- |
| നിത്യജീവിതത്തിൽ നീളവുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ആശയങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കൽ | സ്കൂളിലും വീട്ടിലും കാണുന്ന വിവിധ വസ്തുക്കളുടെ നീളം ഊഹിക്കൽ, അളക്കൽ<br><br>വിവിധ അളവുകളിലുള്ള ഈർക്കിൽ കഷ്ണം കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ | സെപ്തംബർ | അധ്യാപിക | ---- |

| പരിസര പഠനം | | | | ക്ലാസ്സ് : III |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പരിസര നടത്തം, ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം, പ്രകൃതിക്കു ദോഷമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ - ഡോക്യുമെന്ററി പ്രദർശനം | ജൂൺ- ഒക്ടോബർ | ക്ലാസ്സ് അധ്യാപകർ , SRG , PTA | ---- |
| കുട്ടികളിൽ ശുചിത്വശീലം വളർത്തിയെടുക്കുക | ക്ലാസ് തല ശുചിത്വ മത്സരം വ്യക്തി ശുചിത്വം, ക്ലാസ്സ് റൂം ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു നല്ലശീലം - പോസ്റ്റർ നിർമ്മാണം | ഒക്ടോബർ -ഡിസംബർ | ക്ലാസ്സ് അധ്യാപകർ | ---- |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ലഘു പരീക്ഷണങ്ങൾ . കുറിപ്പുകൾ തയ്യാറാക്കുക ശാസ്ത്രജ്ഞരും കണ്ടുപിടുത്തങ്ങളും മാഗസിൻ തയ്യാറാക്കൽ, പ്രദർശനം | ജനുവരി - മാർച്ച് | ക്ലാസ്സ് അധ്യാപകർ | ---- |

| മലയാളം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ | പാഠപുസ്തകം, ടീച്ചേർസ് ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് | ക്ലാസ്സ് അധ്യാപകർ , SRG | ---- |
| വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ | കഥോത്സവം : വായിച്ച കഥകൾ/കവിതകൾ മറ്റ് ക്ലാസ്സുകളിൽ ചെന്ന് അവതരിപ്പിക്കൽ, വിവിധ കഥകൾ കേൾക്കൽ | ജൂൺ-മാർച്ച് ആഴ്ചയിൽ 3 ദിവസങ്ങളിൽ | ക്ലാസ്സ് അധ്യാപകർ , SRG | ---- |
| സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ | പുസ്തകസമ്മാനം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>അമ്മ വായന<br>രചന ശില്പശാല<br>കുടുംബ മാസിക | ജൂൺ- ജൂലായ് | ക്ലാസ്സ് അധ്യാപകർ , CPTA | 500/- |
| സ്വതന്ത്ര എഴുത്തിനു അവസരമൊരുക്കൽ | നാലുകൂട്ടം വാർത്ത | ജൂൺ-മാർച്ച് മാസത്തിൽ 2 പത്രം വീതം | ക്ലാസ്സ് അധ്യാപകർ , SRG | ---- |

| മലയാളം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| എഴുത്തു പരിപോഷിപ്പിക്കൽ | ചിത്രകഥകൾ തയ്യാറാക്കൽ, രചന പരിചയക്കുറിപ്പ് തയ്യാറാക്കൽ, സർഗാത്മക ഡയറി എഴുത്ത്. | ജൂൺ-മാർച്ച് | SRG | 500/- |
| കുട്ടികളുടെ സർഗാത്മക കഴിവുകളുടെ പ്രകടനത്തിന് അവസരമൊരുക്കുക | റീഡേഴ്സ് തിയേറ്റർ, കാവ്യോത്സവം : പാഠഭാഗങ്ങളിലെ കഥകളെ റീഡേഴ്സ് തീയേറ്റർ രൂപത്തിൽ അവതരിപ്പിക്കൽ, കവിതകളെ കോർത്തിണക്കി കാവ്യോത്സവം സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | CPTA, SRG | ---- |
| | കുത്തും കോമയും എന്ന പേരിൽപ്രവർത്തനബുക്ക് തയ്യാറാക്കി നൽകുന്നു | സെപ്റ്റംബർ - ഡിസംബർ | ക്ലാസ്സ് അധ്യാപകർ, CPTA, SRG | 1000/- |
| | ബലമാസിക : മികച്ച പഠനോൽപ്പന്നങ്ങൾ ബലമാസികയിൽ ചേർക്കൽ | ജൂൺ-മാർച്ച് | CPTA, SRG | ---- |

| English | | | | Class : IV |
| --- | --- | --- | --- | --- |
| Objectives | Activities | Duration | Responsibility | Financial support |
| We can: Improve listening and speaking skills. | Creates an English class room atmosphere.<br>Speak simple English sentences frequently.<br>Uses simple questions and lead to good listening as well as speaking.<br><br>Prepare some story cards and short videos to enhance reading. Share them in WhatsApp group.<br><br>Celebrate a day in a week as English day.<br><br>Practice self introduction, about my family, my school etc.<br><br>Makes use of some action songs and games also. | June - march | Teacher | 200/- |
| English assembly | Listening-Teacher talk, Speaking-Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc. | July - February | Teacher | ---- |

| English | | | | Class : IV |
|---|---|---|---|---|
| Objectives | Activities | Duration | Responsibility | Financial support |
| Speech bubbles | Give chances for filling speech bubbles before starting conversation.<br><br>Gives more chances in the upcoming units also. | June - August | ClassTeacher | ---- |
| My English World | New words are introducing through pictures and appropriate sentences in different context to get it's meaning.<br><br>Students have to keep them in notebooks as My English World. | June - March | Class Teacher | ---- |
| Read and rejoice | Tells simple English stories with proper actions and voice modulations.<br><br>Gives more stories having great values like brave, unity, kindness, honesty etc…for reading. | June - March | Class Teacher | ---- |
| Picture diary | Experience sharing and writing diary with suitable pictures. | July - December | Class Teacher | ---- |

| English | | | | Class : IV |
|---|---|---|---|---|
| Objectives | Activities | Duration | Responsibility | Financial support |
| English club | Various club activities like good morning Kottakkani, reader's theatre, English quiz, story writing, let's speak etc. | July - March | Class Teacher, SRG, PTA | 500/- |
| Coral singing | Tune together and sing together- Various poems in the text book as well as from other sources | June -February | Class Teacher , PTA | ---- |
| Hello my teacher | Teacher/ students calls each other during vacation time via mobile phone. Shares feelings ,thoughts and events in English. | September, december and april | Class teacher, Students | ---- |
| English camp | Give more exposure to English language with speaking, writing and engage in various actiivities. | January-February | SRG, PTA | 1000/- |

| ഗണിതം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| മൂന്നക്ക സംഖ്യകളുടെ ഗണിതം - സംഖ്യാ ബോധം, ഗണിത ക്രിയകൾ, പ്രായോഗികപ്രശ്ന നിർധാരണം എന്നിവയുമായി ബന്ധപ്പെട്ട മുന്നറിവ് പരിശോധിക്കലും പിന്തുണ നൽകലും. | സന്നദ്ധതാ പ്രവർത്തനങ്ങൾ കളിയിലൂടെയുള്ള ഗണിത പഠനം പ്രീ ടെസ്റ്റ് | ജൂൺ മാസം ആദ്യ വാരം | ഗണിത അധ്യാപകർ | ---- |
| വിവിധ ജ്യാമിതീയ രൂപങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ നേടൽ | ഗണിത ലാബ് സജ്ജീകരണം/ ഗണിതപ്പെട്ടി തയ്യാറാക്കൽ ജാമിതീയ രൂപങ്ങൾ വരയ്ക്കൽ. ടാൻഗ്രാം കരളികൾ ത്രിമാന വസ്തുക്കൾ പട്ടികപ്പെടുത്തൽ. ജാമിതീയ രൂപങ്ങളുടെ ക്ലാസ് എക്സിബിഷൻ നടത്തൽ. | ജൂൺ- ജൂലൈ | ഗണിത അധ്യാപകർ | 500/- |

| ഗണിതം | | | | ക്ലാസ്സ് : IV |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| നാലക്ക സംഖ്യകളുടെ സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കൽ | കളിനോട്ടുകൾ, സംഖ്യാ സ്ട്രിപ്പുകൾ ഉപയോഗിച്ചുള്ള ഗണിതകേളികൾ. പാറ്റേൺ- പസിലുകൾ വിശകലനം, നിർമാണം. റോമൻ സംഖ്യ സമ്പ്രദായം പരിചയപ്പെടൽ. | ജൂലൈ | ഗണിത അധ്യാപകർ , SRG | 500/- |
| അഞ്ചക്ക സംഖ്യകളുടെ സംഖ്യാ ബോധം നേടൽ. | അഞ്ചക്ക സംഖ്യകളെ സ്ഥാനവില അനുസരിച്ച് വ്യാഖ്യാനിക്കൽ. പതിനായിരത്തിന് അപ്പുറമുള്ള അക്കങ്ങൾ അക്കത്തിലും അക്ഷരത്തിലും എഴുതുക. | ജൂലൈ | ഗണിത അധ്യാപകർ | ----- |
| നാലക്ക സംഖ്യകകളുടെ സങ്കലനം ഉൾപ്പെടുന്ന പ്രയോഗിക പ്രശനങ്ങൾ നിർധാരണം ചെയ്യൽ. | നാലക്ക സംഖ്യകളുടെ സങ്കലനം. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. ഹോണസ്റ്റി ഷോപ്പ് ഗെയിം. ഗണിത ക്വിസ്സ് സംഘടിപ്പിക്കൽ | ഓഗസ്റ്റ് | ഗണിത അധ്യാപകർ | ----- |

| ഗണിതം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സമയം, സമയ ദൈർഘ്യം, 12 മണിക്കൂർ ക്ലോക്ക്, am-pm, സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ, കലണ്ടർ എന്നീ പഠനലക്ഷ്യങ്ങൾ കൈവരിക്കൽ. | ഗണിത പഠനോപകരണ നിർമാണ ശില്പശാല. ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു. സമയ വിവരപ്പട്ടിക അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു. സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. കലണ്ടർ പരിചയപ്പെടുത്തുന്നു. കലണ്ടർ പ്രശ്നങ്ങൾ നിർദ്ധാണം ചെയ്യുന്നു. ഗണിതമേള സ്കൂൾതലത്തിൽ നടത്തുന്നു. ഗണിതമധുരം | സെപ്റ്റംബർ | ഗണിത അധ്യാപകർ , SRG PTA | 1000/- |
| നാലക്ക സംഖ്യകകളുടെ വ്യവകലനം ഉൾപ്പെടുന്ന പ്രയോഗിക പ്രശനങ്ങൾ നിർധാരണം ചെയ്യൽ. | കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ. ക്ലാസ്സിൽ ഒരു കച്ചവടം കുട്ടികളുടെ ബാങ്ക്. | ഒക്ടോബർ - ഡിസംബർ | ഗണിത അധ്യാപകർ, SRG, PTA | ---- |

| ഗണിതം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗുണനക്രിയ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ. സംഖ്യയുടെ എണ്ണം കൊണ്ട് ഗുണിക്കൽ. ഗുണനം ഉൾപ്പെടുന്ന ഗണിത കളികളിലൂടെ ഗുണനക്രിയ ഉറപ്പിക്കൽ. സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുന്നു. | ഡിസംബർ | ഗണിത അധ്യാപകർ | ---- |
| ഹരണക്രിയ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. | സംഖ്യകൾ ആവർത്തിച്ചു കുറയ്ക്കേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ. സംഖ്യയുടെ എണ്ണം കൊണ്ട് ഹരിക്കൽ. ഹരണം ഉൾപ്പെടുന്ന ഗണിത കളികളിലൂടെ ഹരണക്രിയ ഉറപ്പിക്കൽ. ഹരണക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നു. | ജനുവരി | ഗണിത അധ്യാപകർ | ----- |

| ഗണിതം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| നീളം ഭാരം എന്നിവ അളക്കുന്നതിനുള്ള ഏകകങ്ങളെ- ക്കുറിച്ചു വ്യക്തമായ ധാരണ നേടൽ. | നീളം അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ. ചെറിയ യൂണിറ്റുകൾ അളന്ന് കണ്ടെത്തുന്നു. Quintal, Ton എന്നീ യൂണിറ്റുകളെ തിരിച്ചറിയുന്നു. ഹെൽത്ത് ക്യാമ്പ് . അളവ് പാത്രങ്ങൾ, അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം. | ജനുവരി - ഫെബ്രുവരി | ഗണിത അധ്യാപകർ , SRG | ---- |
| ലളിത ഗവേഷണ രീതിയെക്കുറിച്ചുള്ള ധാരണ നേടൽ. | വിവരശേഖരണം നടത്തൽ. പട്ടിക വിശകലനം ചെയ്തു നിഗമനത്തിൽ എത്തുക. ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ. ചിത്രങ്ങളിലെ വിവരശേഖരങ്ങൾ നടത്തൽ. | ഫെബ്രുവരി | ഗണിത അധ്യാപകർ | ---- |
| പഠനോത്സവം | പഠന മികവ് പ്രദർശനം | മാർച്ച് | ഗണിത അധ്യാപകർ , SRG | 500/- |

| പരിസര പഠനം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക. - ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക. | പ്രകൃതി നടത്തം: വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം ജീവികളുടെ പരസ്പരാശ്രയത്വം മനസ്സിലാക്കാം. നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ- ഡോക്യുമെന്ററി<br><br>പൂന്തോട്ടം ഒരുക്കാം: സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ, വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ- ജൂലായ് | ക്ലാസ്സ് അധ്യാപകർ, SRG, PTA | 500/- |
| കുട്ടികളിൽ ശുചിത്വശീലം വളർത്തിയെടുക്കുക | ക്ലാസ് തല ശുചിത്വ മത്സരം. നല്ലശീലം - പോസ്റ്റർ നിർമ്മാണം | ആഗസ്ത് | ക്ലാസ്സ് അധ്യാപകർ | ---- |

| പരിസര പഠനം | | | | ക്ലാസ്സ് : IV |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക | ശാസ്ത്ര കൗതുകം വളത്തിയെടുക്കുന്നതിനായി ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുക. പരീക്ഷണക്കുറിപ്പുകൾ എഴുതി അവതരിപ്പിക്കുക ശാസ്ത്രജ്ഞരും കണ്ടുപിടുത്തങ്ങളും മാഗസിൻ തയ്യാറാക്കൽ, പ്രദർശനം | ഒക്ടോബർ -ഡിസംബർ | ക്ലാസ്സ് അധ്യാപകർ | ---- |
| | ഫീൽഡ് ട്രിപ്പ്: നമ്മുടെ നാടിനെ അടുത്തറിയാൻ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (വയൽ, പുഴ etc ) ശാസ്ത്രജ്ഞനോടൊപ്പം :, ക്യാമ്പ്, മികച്ച ശാസ്ത്രാധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. കിളികളെ അറിയാം : പക്ഷി നിരീക്ഷണത്തിനു അവസരം ഒരുക്കുന്നു, | ജനുവരി - മാർച്ച് | ക്ലാസ്സ് അധ്യാപകർ | 500/- |

| മലയാളം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പഠിതാക്കളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുക | അക്ഷരങ്ങളും ചിഹ്നങ്ങളും നൽകി പദസൂര്യൻ തയ്യാറാക്കുക. വിട്ടഭാഗം പൂരിപ്പിക്കുക, വാക്യങ്ങൾ തയ്യാറാക്കുക | ജൂൺ | മലയാളം അധ്യാപകർ | ---- |
| വായന മെച്ചപ്പെടുത്താനുള്ള ലഘുപ്രവർത്തനങ്ങൾ | വായന കാർഡ് വായന, പത്രവായന, കഥാപുസ്തകങ്ങൾ വായന | ജൂലായ് | മലയാളം അധ്യാപകർ , രക്ഷിതാക്കൾ | ---- |
| ആശയ സംവാദത്തിനും പദസമ്പത്ത് വളർത്തുന്നതിനും അവസരമൊരുക്കുന്നു | അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളായ കഥ, കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ് എന്നിവയിലൂടെ തയ്യാറാക്കുക. | ജൂൺ | മലയാളം അധ്യാപകർ | ---- |
| അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്താൻ | വാക്ക് , വാക്യ നിർമ്മാണം. പത്രങ്ങൾ, ആഴ്ചപ്പതിപ്പ്, മാസികകൾ വായിച്ച് ആശയങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു. | ആഗസ്ത്-സെപ്റ്റംബർ | മലയാളം അധ്യാപകർ, SRG, PTA | ---- |

| മലയാളം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സാഹിത്യസൃഷ്ടികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക, സർഗ്ഗശേഷി വളർത്തുക | സാഹിത്യകാരന്മാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണങ്ങളും സംവാദങ്ങളും | ഒക്ടോബർ-ജനുവരി | പ്രധാനധ്യാപകൻ, മലയാളം അധ്യാപകർ | ---- |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സ്കിറ്റുകൾ, ദൃശ്യാവിഷ്കാരങ്ങൾ, നാടകം തുടങ്ങിയവയുടെ അവതരണം | അക്കാദമിക വർഷം | പ്രധാനധ്യാപകൻ, മലയാളം അധ്യാപകർ, SRG, PTA | ---- |
| | കൂട്ടക്കനി എഫ് എം : ദിവസേനയുള്ള പ്രധാനപ്പെട്ട വാർത്ത വായന | സെപ്റ്റംബർ-ഫെബ്രുവരി | മലയാളം അധ്യാപകർ, SRG, PTA | ---- |
| കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കുന്നതിന് | സർഗോത്സവം | സെപ്റ്റംബർ-ഫെബ്രുവരി | പ്രധാനധ്യാപകൻ, മലയാളം അധ്യാപകർ, SRG, PTA | 1000/- |

| English | | | | UP |
|---|---|---|---|---|
| Objectives | Activities | Duration | Responsibility | Financial support |
| Provide opportunities to listen and speak English confidently in daily life | Kanimozhi Radio: English News | June- March | English Teacher | 500/- |
| | A story- a speech and an anecdote a day | At every English period | English Teacher | ---- |
| | Exhibition of cinema/ video related to lessons | Monthly | English Teacher, SRG | ---- |
| Give more chances to read and write in English without any mistake | English Assembly | Monthly | English Teacher | ---- |
| | Announcement by the students in English about the various programmes conducting in school | June - March | English Teacher | ---- |
| | My Growing Dictionary : Learners make a collection of new words and their meaning from each lesson | | English Teacher | ---- |

| English | | | | UP |
|---|---|---|---|---|
| Objectives | Activities | Duration | Responsibility | Financial support |
| Give more chances to read and write in English without any mistake | Quiz in English : Conduct English quiz on current affirs, Reading competition, Handwriting competition, Translation of English stories to Malayalam. | June - March on every second and fourth Friday | English Teacher | ---- |
| Use English language in creative writing | Readers Theatre | October-November | SRG and PTA | ---- |
| | English Fest | January | SRG and PTA | 1000/- |
| | English Diary | June- March | English Teacher | ---- |
| | Make posters, invitation and notices of different programmes that are conducting in school | As per Calender | English Teacher | ---- |
| | Publishing English magazine | February | English Teacher | 1000/- |

| ഹിന്ദി | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| എല്ലാകുട്ടികൾക്കും ഹിന്ദി സുഗമമായി വായിക്കാനുള്ള ശേഷി വർധിപ്പിക്കൽ | പ്രീ ടെസ്റ്റ് നടത്തുന്നു ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ തയ്യാറാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കുക<br><br>ഹിന്ദി ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ എന്നിവ | ജൂൺ - ജൂലായ് | ഹിന്ദി അധ്യാപിക | 200/- |
| എല്ലാകുട്ടികൾക്കും ഹിന്ദി സുഗമമായി എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വർധിപ്പിക്കൽ | അധികവായന നടത്തുന്ന കുട്ടികൾ ബാലഗീതങ്ങൾ കവിതകൾ എന്നിവ ശേഖരിച്ച് എഴുതി വയ്ക്കുക | ആഗസ്ത് | ഹിന്ദി അധ്യാപിക | ----- |
| | ഹിന്ദി വാർത്ത കാണാനുള്ള അവസരം ഒരുക്കുക ഹിന്ദി അസംബ്ലി അവതരിപ്പിക്കുക | മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപിക | ----- |

| ഹിന്ദി | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ദിനാചരണങ്ങൾ | ഹിന്ദി ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന, വായന മത്സരം, കവിത പാരായണം തുടങ്ങിയ മത്സരങ്ങൾ നടത്തുക . മികവ് പുലർത്തുന്നവർക്ക് സമ്മാനങ്ങൾ നൽകുക | സെപ്റ്റംബർ | എസ് ആർ ജി , ഹിന്ദി അധ്യാപിക | 500/- |
| ഹിന്ദി പ്രവർത്തനങ്ങളിൽ എല്ലാ നിലവാരത്തിലും തരത്തിലുമുള്ള കുട്ടികൾക്ക് പങ്കെടുക്കാനുള്ള അവസരം ഉറപ്പാക്കൽ | സുരീലി സഭ രൂപീകരിക്കുക- CWSN ,Slow Learners കുട്ടികളെ ഉൾപ്പെടുത്തുക | ജൂലൈ | ഹിന്ദി അധ്യാപിക | ---- |
| | സുരീലി വാണി, സുരീലി സംചിക , സുരീലി പത്രിക തുടങ്ങിയവ സുരീലി സഭയുടെ നേതൃത്വത്തിൽ നടത്തുക | സെപ്റ്റംബർ - മാർച്ച് | ഹിന്ദി അധ്യാപിക | ---- |

| അടിസ്ഥാന ശാസ്ത്രം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര ക്ലാസ് മെച്ചപ്പെടുത്തുന്നതിനും മുഴുവൻ കുട്ടികൾക്കും പരീക്ഷണപ്രവർത്തനങ്ങളിലേർപ്പെടുന്നതിനുമുള്ള സൗകര്യം ഒരുക്കുന്നതിനും | ശാസ്ത്രലാബ് നവീകരണം - വെള്ളം, വെളിച്ചം, ഇരിപ്പിടം സജ്ജമാക്കൽ | ജൂൺ | പി ടി എ, ഹെഡ് മാസ്റ്റർ, ശാസ്ത്ര അധ്യാപകർ | 500/- |
| ശാസ്ത്രത്തിൻറെ പ്രക്രിയാശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | കുട്ടികളുടെ ശാസ്ത്ര കിറ്റ് വിപുലപ്പെടുത്തുക. ലഘു പരീക്ഷണങ്ങൾ ആസൂത്രണം ചെയ്യുക, പരീക്ഷണത്തിലേർപ്പെടുക , നിഗമന രൂപീകരണം | ജൂൺ-മാർച്ച് | ശാസ്ത്ര അധ്യാപകർ | ---- |
| ശാസ്ത്രാശയങ്ങൾ വളർത്തിയെടുക്കുന്നതിനും ശാസ്ത്രപഠനം നേരനുഭവത്തിലൂടെ സാധ്യമാക്കുന്നതിനും അവസരമൊരുക്കുന്നു | ഇലക്കറിമേള - ആഹാരയോഗ്യമായ ഇലക്കറികൾ കുട്ടികൾ പങ്കുവയ്ക്കുന്നു. | ജൂലായ് | ശാസ്ത്ര അധ്യാപകർ, രക്ഷിതാക്കൾ | ---- |
| | കാന്ത കളിപ്പാട്ടങ്ങൾ | ജൂലായ്/ആഗസ്ത് | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്ബ് | ---- |
| | ഡെമോൺസ്ട്രേഷൻ ക്ലാസ്സ്- ലയറിങ് , ഗ്രാഫ്റ്റിങ്, ബഡിങ് | ജൂലായ് | ശാസ്ത്ര അധ്യാപകർ, PTA | 1000/- |

| അടിസ്ഥാന ശാസ്ത്രം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര വിഷയത്തിൽ താല്പര്യം ജനിപ്പിക്കുകയും ശാസ്ത്രാഭിരുചി വളർത്തിയെടുക്കുകയും ചെയ്യുക | ഓരോ കുട്ടിയും ഒരു ശാസ്ത്രജ്ഞനെയും അദ്ദേഹത്തിൻറെ കണ്ടുപിടിത്തവും ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ക്ലാസ്സ് തല പതിപ്പ് നിർമ്മിക്കുന്നു | ആഗസ്ത് | ശാസ്ത്ര അധ്യാപകർ | ---- |
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ജലസംരക്ഷണം ഇവയെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക ആരോഗ്യകരമായ ജീവിതം നയിക്കാൻ പ്രാപ്തരാക്കുക | ജലസംരക്ഷണം, വ്യക്തി ശുചിത്വം പരിസര ശുചിത്വവുമായി ബന്ധപ്പെട്ട് 'നല്ല ശീലം' പോസ്റ്റർ പ്രദർശനം. | സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ , SRG | ---- |
| ശാസ്ത്ര ദിനാചരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക | പ്ലാസ്റ്റിക് ഫ്രീ സ്കൂൾ ക്യാമ്പസ് ഒരുക്കുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക ശാസ്ത്ര ക്വിസ്സ് ഡോക്യുമെന്ററി പ്രദർശനം | ജൂലായ് - മാർച്ച് | ശാസ്ത്ര അധ്യാപകർ , SRG, PTA | ---- |

| അടിസ്ഥാന ശാസ്ത്രം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ശാസ്ത്ര പ്രവർത്തനങ്ങളുടെ മാതൃകകളും നേരനുഭവങ്ങളും ലഭ്യമാക്കൽ | ഔഷധത്തോട്ട നിർമ്മാണം/ പൂന്തോട്ട നിർമ്മാണം / ശലഭോദ്യനം<br>പഠന ക്യാമ്പ് - വാന നിരീക്ഷണ ക്യാമ്പ് ,<br>ഫോറെസ്റ് ക്യാമ്പ്<br>ഫീൽഡ് വിസിറ്റ് - കാനം സന്ദർശനം | ഒക്ടോബർ -ഡിസംബർ | ഹെഡ് മാസ്റ്റർ, SRG അധ്യാപകർ | 1000/- |
| ശാസ്ത്രസർഗ്ഗാത്മകതക്കുള്ള അവസരങ്ങൾ ഒരുക്കുക | ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ- ശാസ്ത്രത്തിലെ നൂതന ആശയങ്ങൾ കണ്ടുപിടുത്തങ്ങൾ ശാസ്ത്ര പുരസ്കാരങ്ങൾ എന്നിവ ഉൾപ്പെടുത്താം | ജനുവരി- ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ | ---- |
| | സയൻസ് ഫെസ്റ്റ് - ലഘു പരീക്ഷണ സ്റ്റാളുകൾ സംഘടിപ്പിക്കുക | ഫെബ്രുവരി | ശാസ്ത്ര അധ്യാപകർ<br>സയൻസ് ക്ലബ്ബ് | ---- |

| ഗണിതം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ എന്നിവ ഉപയോഗിച്ച് അടിസ്ഥാനക്രിയകൾ ഉറപ്പു വരുത്തുന്നു. | ജൂൺ | ഗണിത അധ്യാപകർ | ---- |
| രസകരമായ ഗണിത ശാസ്ത്രപഠനത്തിലൂടെ ഗണിതശേഷികൾ വളർത്തിയെടുക്കുന്നു. | ജ്യാമിതീയരൂപങ്ങൾ വരച്ച് സവിശേഷതകൾ പട്ടികപ്പെടുത്തൽ , പാറ്റേൺ പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | ---- |
| ഗണിത പഠനം രസകരവും ആനന്ദകരവുമാക്കുക | ഗണിത നിഘണ്ടു തയ്യാറാക്കൽ : പാഠഭാഗമായി ബന്ധപ്പെട്ട പുതിയ പദങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ | ---- |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി  വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു, പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒന്ന് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | 500/- |

| ഗണിതം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാദ്ധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ, ടാൻഗ്രാം, ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാദ്ധ്യതകൾ ഉൾപ്പെടുത്തി കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒന്ന് | ഗണിത അധ്യാപകർ | ---- |
| ഗണിത താല്പര്യം വളർത്തുക | ഗെയിം , പസിൾ, നിർമ്മാണ പ്രവർത്തനങ്ങൾ | ഒക്ടോബർ - നവംബർ | ഗണിത അധ്യാപകർ | 500/- |
| കുട്ടികൾ നേടിയ മികവുകൾ ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ പ്രദർശിപ്പിക്കൽ | മികവുത്സവം | ഫെബ്രുവരി - മാർച്ച് | അധ്യാപകർ, PTA | 1000/- |

| സാമൂഹ്യ ശാസ്ത്രം | | | | യു പി |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിസ്ഥിക്കൽ , നേടിയെടുക്കൽ | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികൾ ഓരോ പഠിതാവിനും നൽകുന്നു. നദികൾ, ഭൂപ്രകൃതികൾ, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാദ്ധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, | ----- |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുക | ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തി ലോകത്തിലെ ചരിത്ര പ്രധാനയമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലായ് | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, | ----- |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭകളിൽ രക്ഷിതാക്കൾക്കൊപ്പം പങ്കെടുക്കുക | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, രക്ഷിതാവ് | ----- |

| സാമൂഹ്യ ശാസ്ത്രം | | | | യു പി |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | പ്രകൃതിദുരന്തങ്ങളുടെ ദൃശ്യങ്ങളിലൂടെ അവയുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അതിൽ നിന്ന് രക്ഷപ്പെടാനുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്നതിനു പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | 500/- |
| വിവര വിനിമയ സാങ്കേതിക വിദ്യകളുടെ ദുരുപയോഗങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് വിവര വിനിമയ സാങ്കേതിക വിദ്യകളുടെ ദുരുപയോഗങ്ങൾ റോഡ് സുരക്ഷ എന്നീ വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ,സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ---- |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി തകർച്ചയ്ക്ക് കാരണമാകുന്ന സ്ഥലങ്ങൾ സന്ദർശിച്ച് വിവരങ്ങൾ പങ്കുവയ്ക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ,സാമൂഹ്യശാസ്ത്ര ക്ലബ്ബ് | 500/- |